1. ടിപ്പർ ലോറി ഓടിക്കുന്നതിന് സമയ നിയന്ത്രണം ഇതുവരെ നടപ്പിലാക്കിയിട്ടില്ലാത്ത ജില്ലകളിൽ അതാത് ജില്ലാ കളക്ടറുമായി കൂടിയാലോചിച്ച് രാവിലെ 8 മുതൽ 10 വരെയും വൈകിട്ട് 3 മുതൽ 5 വരെയുമുള്ള സമയങ്ങളിൽ ടിപ്പർ ലോറി ഓടിക്കുന്നത് കർശനമായി നിരോധിക്കുക.

2. സ്പീഡ് ഗവർണർ കാര്യക്ഷമമായി പ്രവർത്തിക്കാത്തതും ഫിറ്റ് ചെയ്യാത്തതുമായ ടിപ്പർ ലോറികളെ കർശനമായും ഓടാൻ അനുവദിക്കാതിരിക്കുക.

3. എല്ലാ ടിപ്പർ ലോറികളേയും ഇത്തരം പരിശോധനയ്ക്ക് വിധേയമാക്കുക.

4. ഒന്നിലധികം പ്രാവശ്യം അപകടങ്ങൾക്ക് കാരണമായിട്ടുള്ള ടിപ്പർ ലോറികൾക്കും/ഡ്രൈവർമാർക്കുമെതിരെ ലൈസൻസ് റദ്ദാക്കൽ/സസ്പെൻഷൻ എന്നിവ ചെയ്യാനുള്ള നടപടികൾ കൈക്കൊള്ളുക.

5. വേഗപരിധി ലംഘിച്ചും അപകടകരമായും അശ്രദ്ധമായും ടിപ്പർ ലോറികൾ ഓടിക്കുന്നവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുക.

6. ടിപ്പർ ലോറിയിൽ പണിയെടുക്കുന്ന ആളുകൾ ഏതെങ്കിലും ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടിട്ടുള്ളവരാണോ എന്നു പരിശോധിച്ച് യുക്തമായ നടപടി സ്വീകരിക്കുക.

ബധിര വിദ്യാർത്ഥിനിയുടെ സംശയാസ്പദമായ മരണം

27 (4633) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം വൊക്കേഷണൽ ഹയർ സെക്കൻഡറി സ്ക്കൂളിലെ +2 വിദ്യാർത്ഥിനിയും ബധിരയുമായ കുമ്പാറ പുഷ്പഗിരി കണ്ണൻതറപ്പിൽ വീട്ടിൽ ചാക്കോയുടെ മകൾ ജ്യോതിയെ 15-6-2010-ന് മരിച്ച നിലയിൽ കണ്ടെത്തിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ, മരണത്തിൽ സംശയമുണ്ടെന്നും, ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നുമാവശ്യപ്പെട്ട് രക്ഷിതാവ് നൽകിയ പരാതിയിൽ പോലീസ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) കേസ് ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ഡി) സംഭവത്തെക്കുറിച്ച് പ്രത്യേകാന്വേഷണം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പരാതിയുടെ അടിസ്ഥാനത്തിൽ കേസന്വേഷണം ഒറ്റപ്പാലം സർക്കിൾ ഇൻസ്പെക്ടർക്ക് നൽകിയിട്ടുള്ളതും പോസ്റ്റുമാർട്ടം പരിശോധന നടത്തിയ ഡോക്ടറെക്കണ്ട് ചോദിച്ചും, പോസ്റ്റുമാർട്ടം റിപ്പോർട്ട് പരിശോധിച്ചും ജ്യോതിയുടെ കൂട്ടുകാരികളെക്കണ്ട് ചോദിച്ചതിലും മരണത്തിൽ ദുരൂഹതയുള്ളതായി ഇതുവരെയുള്ള അന്വേഷണത്തിൽ അറിവായിട്ടില്ല.

(സി) കേസ് അന്വേഷണാവസ്ഥയിലാണ്.

(ഡി) കേസിന്റെ അന്വേഷണം ഒറ്റപ്പാലം സർക്കിൾ ഇൻസ്പെക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതും, അന്വേഷണം തൃപ്തികരമായി നടന്നുവരുന്നതുമാണ്.

ഗർഭിണിയായ അദ്ധ്യാപികയെ പീഡിപ്പിക്കാൻ ശ്രമിച്ച കേസ്സന്വേഷണം

28 (4634) ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നുമാസം ഗർഭിണിയായ അദ്ധ്യാപികയെ പീഡിപ്പിക്കാൻ ശ്രമിച്ച കേസിൽ വീയപുരം പോലീസ് സ്റ്റേഷൻ അതിർത്തിയിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ ; എങ്കിൽ വ്യക്തിയുടെ പേരും ക്രൈം നമ്പരും വ്യക്തമാക്കുമോ ;

(ബി) മുമ്പും ഈ വ്യക്തിക്കെതിരെ സമാനമായ പരാതികൾ ഉണ്ടായിട്ടുണ്ടോ ;

(സി) എങ്കിൽ ഇയാൾക്കെതിരെ പോലീസ് എന്ത് നടപടികൾ സ്വീകരിച്ചിരുന്നു ;

(ഡി) ഇയാൾക്കെതിരെ ഗുണ്ടാ ആക്ട് പ്രകാരം നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ക്രൈം നമ്പർ 159/10 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അജിത് @ പെട്രോൾ എന്നയാളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) ഉണ്ടായിട്ടുണ്ട്.

(സി) ചെറുതന വില്ലേജിൽ മഞ്ഞാലേൽ പുത്തൻവീട്ടിൽ തോമസ് സക്കറിയ മകൾ റിനി സക്കറിയയെ നിരന്തരമായി ശല്യം ചെയ്യുന്നതായി 8-8-2009-ൽ വീയപുരം പോലീസ് സ്റ്റേഷനിൽ ഒരു പരാതി ലഭിക്കുകയും ടി പരാതി പെറ്റീഷൻ നമ്പർ 23/09 ആയി സ്വീകരിച്ച് എതിർകക്ഷിയെ വിളിച്ചു

LIBRARY ARCHIVES Kerala Legislative Assembly